**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 522** **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ചെലവ് ചുരുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് 46 ലക്ഷം രൂപ ചെലവിൽ പഞ്ചനക്ഷത്ര ഹോട്ടലിൽ പരിശീലനം നൽകിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | അനാവശ്യ ചെലവുകൾ ലഘൂകരിക്കേണ്ടതിന്റെ ഭാഗമായി സർക്കാർ വകുപ്പുകളും സർക്കാർ ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളും സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയ്ക്കായി നക്ഷത്ര ഹോട്ടലുകൾ അടക്കമുള്ള അങ്ങേയറ്റം ചെലവേറിയ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് പകരമായി ഇത്തരം പ്രോഗ്രാമുകൾ സർക്കാർ വകുപ്പുകളുടെയോ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെയോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയോ മറ്റ് സർക്കാർ നിയന്ത്രിത/ സർക്കാർ രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുടെയോ സംവിധാനങ്ങൾ മാത്രം ഉപയോഗപ്പെടുത്തി നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ച് കൊണ്ട് സർക്കാർ തലത്തിൽ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, അനിവാര്യവും തീർത്തും ഒഴിവാക്കുവാൻ പറ്റാത്തതുമായ സാഹചര്യങ്ങളിൽ മേൽ നിയന്ത്രണത്തിൽ ഇളവ് നൽകുവാനുള്ള അധികാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി തലത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | ധൂർത്തും പാഴ് ചെലവുകളും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ